പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2569 12.6.2018 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | കെ.റ്റി.ഡി.സിക്ക് സർക്കാർ വകുപ്പുകളിൽ നിന്നും ട്രാവൽ ഏജൻസികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുകയുടെ കണക്ക് വെളിപ്പെടുത്തുമോ; | എ) | 31.03.2018 ലെ കണക്ക് പ്രകാരം കെ.റ്റി.ഡി.സിക്ക് മൊത്തമായി സർക്കാർ, ട്രാവൽ ഏജന്റുമാർ, മറ്റുള്ളവർ എന്നിവരിൽ നിന്നും, യഥാക്രമം 232 ലക്ഷം രൂപ, 153 ലക്ഷം രൂപ, 85 ലക്ഷം രൂപ വീതം കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. |
| ബി) | കെ.റ്റി.ഡി.സിയുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ? | ബി) | കെ.ടി.ഡി.സിയുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു പണി നടന്നു കൊണ്ടിരിക്കുന്നു. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ പൂർത്തീകരിച്ച് അതിഥികൾക്ക് തുറന്നു കൊടുത്തു. പൊൻമുടിയിൽ 15 പുതിയ കോട്ടേജുകളുടെ പണി നടന്നു കൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവീസ് ആരംഭിച്ചു. കെ ടി ഡി സി യുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേക്ക് ഉയർത്തുവാനുള്ള നടപടികൾ ആരംഭിച്ചു. കുമരകത്തെ വാട്ടർ സ് കേപ്പിന്റെയും തിരുവനന്തപുരത്തെ ചൈത്രം ഹോട്ടലിന്റെയും പൂർണ്ണമായ നവീകരണം ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ